# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2023** | **13/06/2019-ൽ മറുപടിയ്ക്ക്**

## മഴക്കാലപൂർവ്വ ശുചീകരണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. നൗഷാദ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) നഗരസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മഴക്കാലത്തിനുമുൻപ് പൂർത്തിയാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | എ) ഉണ്ട്.<br>മഴക്കാലത്തിനു മുൻപും പിൻപും നടപ്പിലാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ-സ്വയംഭരണ വകുപ്പ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 'ആരോഗ്യ രക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം' എന്ന പേരിലുള്ള പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന വിവിധ വകുപ്പുകളുടെ ഏകോപന യോഗത്തിൽ മഴക്കാലപൂർവ്വ ശുചീകരണവും, പകർച്ചവ്യാധി നിയന്ത്രണവും സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. അതിനെത്തുടർന്ന് മേയ് മാസത്തിൽ ഓരോ ജില്ലകളുടെയും ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ ജില്ലാതലത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും അവലോകനം ചെയ്യുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സംസ്ഥാനത്തുടനീളം ശുചീകരണ പ്രവത്തനങ്ങൾ നടത്തുകയും ചെയ്തു. ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട ശുചീകരണ, ഉറവിട നശീകരണ കാമ്പയിനുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തദ്ദേശ-സ്വയംഭരണ വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആരോഗ്യവകുപ്പിന്റെ വിവിധ തലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും, വിലയിരുത്തുകയും, ആവശ്യമായ മാർഗ്ഗ-നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**